തിരുമുല്പാട് ഫൗണ്ടേഷൻ

# വൈദ്യസംവാദം

ഡിസംബർ 2021 - മാർച്ച് 2022
(സംയുക്തലക്കം)



വൈദ്യഭൂഷണം
കെ. രാഘവൻ തിരുമുല്പാട് ഫൗണ്ടേഷൻ
ഫോർ ആയുർവേദിക് സ്റ്റഡീസ്

# 'സൂത്ര' രചന ആയുർവേദത്തിൽ

ഡോ. കെ. മുരളി

കുറഞ്ഞ അക്ഷരങ്ങൾകൊണ്ട് കൂടുതൽ ആശയത്തെ ഒതുക്കിപ്പറയുന്ന രചനാശൈലിയാണ്, സൂത്രമെന്നത്. ഒരക്ഷരം കുറയ്ക്കാനായാൽ ഒരു പുത്രൻ ജനിച്ച സന്തോഷം സൂത്രകാരനുണ്ടാകുമത്രെ. എന്തെങ്കിലും വാക്കുകളെഴുതി അതിൽ ഏതെങ്കിലും അർത്ഥം ആരോപിക്കുന്നതല്ല, ഈ അക്ഷരവിദ്യ. സംശയത്തിനിട നൽകാത്തവിധം ആശയത്തെ വ്യക്തമാകുന്നതായിരിക്കണം, സൂത്രം. വ്യാഖ്യാനം കൊണ്ട് ആശയത്തെ വിപുലീകരിച്ചെടുക്കുവാനുമാകണം. മറ്റു രീതിയിൽ വ്യാഖ്യാനിക്കപ്പെടാനും ഇടവരരുത്. ഓർത്തുവെക്കുവാനും ഓർത്തെടുക്കുവാനും സൗകര്യപ്രദമാകണം, സൂത്രം. സംസ്കൃതസാഹിത്യത്തിൽ ഈ എഴുത്തുരീതി ഊർജ്ജസ്വലമായി നിന്ന ഒരു കാലമുണ്ട്-ക്രിസ്തുവിന് മുമ്പ് അറുനൂറ് മുതൽ ഇരുനൂറ് വരെയുള്ള വർഷങ്ങൾക്കിടയിൽ. അതായത് ബുദ്ധന്റേയും മഹാവീരന്റെയും കാലത്തിന് ശേഷം. സൂത്രകാലഘട്ടം എന്ന് ചരിത്രകാരന്മാർ പേരിട്ടിരിക്കുന്ന ഇക്കാലത്ത്, വേദത്തിന് അനുബന്ധമായ രചനകളാണ് അധികവും ഉണ്ടായത്. വേദാനുബന്ധകൃതികൾ എന്ന് വിശേഷിപ്പിക്കാവുന്ന ബ്രാഹ്മണങ്ങളുടേയും ആരണ്യകങ്ങളുടേയും കാലത്തുതന്നെ നിലനിന്നിരുന്ന നിയമങ്ങളും സാമൂഹികാചാരങ്ങളും സൂത്രങ്ങളിൽ ക്രോഡീകരിക്കപ്പെട്ടു. എല്ലാ വേദങ്ങളോട് ചേർന്നുമുണ്ട്, സൂത്രഗ്രന്ഥങ്ങൾ. ആശ്വലായന സൂത്രവും സാംഖ്യായനസൂത്രവും ഋഗ്വേദത്തിന്റേതാണ്. അതുപോലെ സാമവേദത്തിനും (ലാട്യായനസൂത്രം, നിദാനസൂത്രം, പുഷ്പസൂത്രം) യജുർവേദത്തിനും (മാനവസൂത്രം, ഭരദ്വാജസൂത്രം) ഉണ്ട്. ഇക്കൂട്ടത്തിൽ, നഷ്ടപ്പെട്ടുപോയ, പരാമർശങ്ങൾകൊണ്ടുമാത്രം അറിയാവുന്ന ചിലതുമുണ്ട്. അഥർവവേദത്തിന്റെ കൗശികസൂത്രം ഇന്നും ലഭ്യമാണ്. ഇത്തരം ഗ്രന്ഥങ്ങൾ കൂടുതലുണ്ടായി, വേദാംഗ(ശിക്ഷ, ഛന്ദസ്സ്, വ്യാകരണം, നിരുക്തം, ജ്യോതിഷം, കല്പം)ങ്ങളിലേക്കും ഈ രചനാരീതി കുറെയൊക്കെ വ്യാപിച്ചു. ക്രമത്തിൽ ഈ ശൈലി അംഗീകൃതമായതോടെ

ദർശനഗ്രന്ഥങ്ങളും ഇത്തരത്തിലായി. വേദാംന്തത്തിലെ ബ്രഹ്മസൂത്ര ങ്ങൾ, മറ്റു ദർശനങ്ങളിലാണെങ്കിൽ യോഗസൂത്രങ്ങൾ, സാംഖ്യസൂ ത്രങ്ങൾ, വൈശേഷികസൂത്രങ്ങൾ, ന്യായസൂത്രങ്ങൾ, മീമാംസസൂത്ര ങ്ങൾ എന്നിവ ഉദാഹരണങ്ങളാണ്. കാമസൂത്രങ്ങൾ വളരെ പ്രസിദ്ധ മാണല്ലോ. വ്യാകരണസൂത്രങ്ങൾ എട്ട് അധ്യായങ്ങളിലായതുകൊണ്ട് 'അഷ്ടാധ്യായി' എന്ന പേരിൽ പുകഴ്പെറ്റു. സൂത്രരചനയുടെ ശക്തി മുഴുവൻ തിളങ്ങിനിൽക്കുന്നത് പാണിനിയുടെ സൂത്രങ്ങളിലാണ് എന്ന് പറയാതെ വയ്യ. മുൻസൂത്രങ്ങളിൽനിന്ന് വേണ്ട വാക്ക് എടുത്തുചേർത്ത് ഒരു സൂത്രത്തെ അർത്ഥവത്താക്കുക, ക്രമീകരണം അനുസരിച്ച് സൂത്ര ത്തിന്റെ പ്രയോഗം പ്രസക്തമാക്കുക, ഇത്തുകൾ എന്ന് വിളിക്കാവുന്ന അക്ഷരങ്ങൾ ചേർത്ത് പ്രത്യയങ്ങളുടെ പ്രയോഗരീതി നിജപ്പെടുത്തുക എന്നിങ്ങനെയുള്ള സങ്കേതങ്ങൾ സമഗ്രമായി വിനിയോഗിക്കപ്പെടു ന്നത് അഷ്ടാധ്യായിയാണ്.

സൂചി, നൂൽ എന്നെല്ലാം അർത്ഥമുള്ള സൂത്രപദത്തിന് ആശയ ങ്ങളെ കോർത്തിണക്കുന്നത് എന്ന് താല്പര്യം. സൂത്രങ്ങളുടെ തുടർ ച്ചയും പാരസ്പര്യവും ഇവിടെ സൂചിപ്പിക്കപ്പെടുന്നു. മാലയിലെ മുത്തു കൾക്ക് തുടർച്ച വേണമല്ലോ. ഇടവിട്ട് വേറെ നിറങ്ങൾ നൽകി, ലോക്കറ്റും വെച്ച് അവയ്ക്ക് പാരസ്പര്യമുണ്ടാക്കാം. ഇതുപോലെ ഒരു ഗ്രന്ഥത്തിലെ സൂത്രങ്ങളുടേയും സ്ഥിതി. ഗുണനപ്പട്ടികയും അക്ഷര ങ്ങളും മറ്റും ചൊല്ലിപ്പഠിക്കുന്നതുപോലെയായിരിക്കാം, സൂത്രപഠന വുമെന്ന് മാക്സ് മുള്ളർ പറയുന്നു. പ്രയോഗവും അർത്ഥവുമൊന്നും പഠിക്കുമ്പോൾ പൂർണ്ണമായി അറിഞ്ഞുകൊള്ളണമെന്നില്ല. അതെല്ലാം പിന്നീട് മനസ്സിലാക്കാൻ ആദ്യം മനഃപാഠമാക്കിയത് ഉതകുമല്ലോ.

സൂത്രങ്ങൾക്കുള്ള ചെറുവ്യാഖ്യാനമാണ്, വൃത്തി അല്ലെങ്കിൽ വാർത്തികം. പറഞ്ഞതിനെ കുറച്ചുകൂടി വിശദമാക്കുക, പറയാത്തത് സൂചിപ്പിക്കുക, അവ്യക്തമായത് എടുത്തുപറയുക എന്നീ ധർമ്മങ്ങളാ ണ്, വൃത്തിക്കുള്ളത്. ഒട്ടും തന്നെ വിസ്തൃതവുമല്ല. വിസ്തൃതമായ വ്യാഖ്യാനത്തെ ഭാഷ്യം എന്ന് വിളിക്കുന്നു. സൂത്രഗ്രന്ഥങ്ങൾക്കെല്ലാം തന്നെ പ്രസിദ്ധങ്ങളായ ഭാഷ്യങ്ങളുണ്ട്. രചിച്ച ആചാര്യന്മാരുടെ പേരിൽ അവ അറിയപ്പെടുന്നു. പ്രശസ്തപാദഭാഷ്യം, നരസിംഹഭാഷ്യം എന്നിങ്ങനെ............. അഷ്ടാധ്യായിക്ക് പതഞ്ജലി എഴുതിയ (ബി.സി.150) ഭാഷ്യത്തെ അതിന്റെ അസാധാരണതകൊണ്ട് മഹാഭാഷ്യം എന്ന് വിളി ക്കുന്നു.

ആ ഒരു നിശ്ചിതകാലത്തിന് ശേഷം പിന്നീട് വളരെ വ്യാപകമായി സൂത്രഗ്രന്ഥങ്ങളുണ്ടായില്ല എന്നത് ശ്രദ്ധേയമാണ്. ആദിമമായ സൂത്രരചനകളുടെ വ്യാഖ്യാനങ്ങളും വിശദീകരണമായാണ് തുടർന്നുണ്ടായ ഗ്രന്ഥവികാസങ്ങളെല്ലാം. ആദ്യഗ്രന്ഥങ്ങളുടെ ആധികാരികത നിലനിർത്തിക്കൊണ്ടുതന്നെ ശൈലീഭേദങ്ങളും ഖണ്ഡനമണ്ഡനങ്ങളും ആയി വിവിധനൂറ്റാണ്ടുകളിൽ പുസ്തകപരമ്പരകൾ തുടർന്നു. ഇത് സൂചിപ്പിക്കുന്നത് സൂത്രരചനയുടെ കരുത്ത് തന്നെയാണ്.

ബുദ്ധമതത്തിൽ സൂത്രം, 'സുത്ത'മായി, പാലി ഭാഷയിൽ. ഗൗതമസുത്തം ബുദ്ധന്റെ ഉപദേശങ്ങളാണ്. സൂക്തം എന്ന സംസ്കൃത വാക്കും ഇതോട് ചേർന്നുനിൽക്കുന്നു. സു(നന്നായി) ഉക്തം(പറയപ്പെട്ടത്) എന്നിവ ചേർന്നാൽ സൂക്തമായല്ലോ. ഗാന്ധിസൂക്തം, സൂഫി സൂക്തം എന്നൊക്കെ പറയാറുണ്ട്. ചുരുക്കിപ്പറയുക, സാരവത്തായത് പറയുക തുടങ്ങിയ അർത്ഥങ്ങളും ഇതിനോട് യോജിക്കുക. അക്ഷരങ്ങൾ കഴിവതും ചുരുക്കുക എന്ന നിലപാടിന് കുറച്ചൊക്കെ പിൽക്കാലസൂത്രരചനയിൽ അയവ് വന്നു.

ഈ കാലഘട്ടങ്ങളിലൊന്നും ആയുർവേദം പൂർണമായി ഉരുക്കൊണ്ടിരുന്നില്ല. രോഗങ്ങളെ കേന്ദ്രീകരിച്ചുള്ള ഔഷധപ്രയോഗങ്ങൾ ക്രമത്തിൽ വികസിച്ചു വന്നിരുന്നു. ശരീരത്തെ സംബന്ധിച്ചാണെങ്കിൽ വേദകാലത്തെ അവയവാന്വേഷണങ്ങളിൽനിന്ന് തുടങ്ങി ക്രമത്തിൽ സമഗ്രവീക്ഷണമാർന്ന് ത്രിദോഷസിദ്ധാന്തത്തിലെത്തിച്ചേർന്നു. അതുകൊണ്ട് രോഗവും അതിന്റെ അവസ്ഥാഭേദങ്ങളും വിശദീകരിക്കാനായി. ഇത് വളരെ പടിപടിയായി, പ്രായോഗികജ്ഞാനത്തെ മുൻനിർത്തി തെറ്റിയും തിരുത്തിയും രൂപപ്പെട്ടതാണ്. ഈ അറിവുകളുടെ ക്രോഡീകരണം സൂത്രരചനയുടെ കൈപ്പിടിയിൽ ഒതുങ്ങാവുന്നതായിരുന്നില്ല. അതുകൊണ്ട് ശ്ലോകരൂപത്തിലായിരുന്നു, പുസ്തകയത്നങ്ങളെല്ലാം തന്നെ. ക്രിസ്തുവർഷത്തിന്റെ ആദ്യനൂറ്റാണ്ടുകളിൽ മാത്രമാകണം ആദ്യത്തെ ആയുർവേദസംഹിതകളുടെ കാലം. സൂത്രം എന്ന വാക്ക് 'ചുരുക്കം', 'പ്രയോഗങ്ങളുടെ കാതൽ', 'സിദ്ധാന്തം' എന്നീ അർത്ഥങ്ങളിലാണ്, ആയുർവേദം ഉപയോഗിച്ചത്.

വൈദ്യത്തിന്റെ വേരുകൾ വേദങ്ങളിൽത്തന്നെയാണല്ലോ. അഥർവവേദത്തിന്റെ ഉപവേദമെന്ന വിശേഷണവും ആയുർവേദത്തിനുണ്ട്. അതുകൊണ്ട് വേദാനുബന്ധമായ സൂത്രകൃതികളിലും വൈദ്യാംശങ്ങൾ കാണേണ്ടതുണ്ട്. ആ അന്വേഷണങ്ങൾ ചെന്നെത്തുന്നത്, കൗശിക

സൂത്രങ്ങളിലാണ്. അഥർവവേദവുമായി ബന്ധപ്പെട്ട അഞ്ച് ഗൃഹ്യസൂത്രങ്ങളിൽ ഒന്നാണ് കൗശികസൂത്രം. വേദങ്ങളുടെ പ്രയോഗനിർദ്ദേശങ്ങളായ ബ്രാഹ്മണങ്ങളുടെ സംക്ഷിപ്തരൂപമായും സൂത്രഗ്രന്ഥങ്ങളെ കരുതാം. ശ്രൗതം (വേദകർമ്മങ്ങൾ) ഗൃഹ്യം (ഗൃഹാനുഷ്ഠാനങ്ങൾ) ധർമ്മം (സാമൂഹികാചാരങ്ങൾ) എന്ന് മൂന്ന് തരത്തിലുണ്ട്, ഈ സൂത്രരചനകൾ.

ഗൃഹ്യസൂത്രങ്ങളിൽ നിത്യജീവിതവുമായ ബന്ധപ്പെട്ട കാര്യങ്ങളാണ് രേഖപ്പെടുത്തപ്പെടുത്തിയിരിക്കുന്നത് എന്നു പറഞ്ഞല്ലോ. ദൗർഭാഗ്യങ്ങൾ ഒഴിവാക്കുക, ആഗ്രഹങ്ങൾ സാധിക്കുക, മഴയും വിളവും ലഭിക്കുക, പ്രകൃതിയുടെ കെടുതികൾ നിവാരണം ചെയ്യുക, സൗഹാർദ്ദവും ശക്തിയും നേടുക എന്നിവ ലക്ഷ്യമാക്കിയുള്ള മന്ത്രങ്ങളും അനുഷ്ഠാനങ്ങളും കൗശികസൂത്രത്തിലുണ്ട്. കൂടാതെ വിവാഹം, മരണം, രാജ്യാധികാരമേൽക്കൽ തുടങ്ങിയവയുടെ ചടങ്ങുകളും വിവരിക്കപ്പെടുന്നു. ലൗകികജീവിതത്തെ ബാധിക്കുന്ന ഒന്നാണല്ലോ, രോഗങ്ങൾ. അതുകൊണ്ട് അവയ്ക്ക് പരിഹാരം മന്ത്രവും മരുന്നുമായി കൗശികസൂത്രത്തിൽകാണാം. പല രോഗങ്ങളിലും ജപിച്ചുകെട്ടാനുള്ള രക്ഷ നിർദ്ദേശിക്കപ്പെട്ടിരിക്കുന്നു. ഇതിന് ഉപയോഗിക്കേണ്ടത് ഔഷധസസ്യങ്ങൾത്തന്നെയാണ്. കുടിക്കാനും


अथर्ववेदीय-कौशिक-गृह्यसूत्रम् ।

कौशिकाचार्येण प्रणीतम् ।

[ दारिलकेशवयोस्संक्षिप्तटीकया सहितम् ]

अथर्ववेदस्य शौनकीया जाजला जलदा ब्रह्मवादा इति चतसृणां शाखानां गृह्यप्रतिपादकम् ।

जिसको—

सर्वदर्शनसंग्रह, जीवन्मुक्तविवेक, महावाक्यरत्नावली, संस्कृत-प्रवेशिका, सिद्धान्तशिरोमणि ( गोलाध्याय ), सूर्य्यसिद्धान्त, आर्यभटीय, सभाष्यगोतमीयन्यायदर्शन, गोभिल-गृह्यसूत्रसटीक, द्राह्यायण-गृह्यसूत्रसटीक, खादिर-गृह्यसूत्रसटीक, वाराह-गृह्यसूत्र

के

हिन्दी अनुवादक—

श्री ठा॰ उदयनारायण सिंह

ने

अपने शास्त्रप्रकाश भवन मधुरापुर, डाक-विद्दूपुर बाजार, जि॰ मुज़फ्फरपुर ( बिहार ) से सानुवाद प्रकाशित किया ।

प्रथमावृत्ति । } संवत् १९९२ साल । { मूल्य ४५)

सर्वाधिकार सुरक्षित हैं ।

പുകക്കാനും മറ്റുമുള്ള സസ്യൗഷധങ്ങളും ഒപ്പം പറഞ്ഞിട്ടുണ്ട്. ചില പണ്ഡിതന്മാർ ഈ സസ്യപരാമർശങ്ങൾക്ക് ഔഷധവുമായി ബന്ധമില്ലെന്ന് പറയുന്നുണ്ട്. മന്ത്രവാദത്തിലെ ചില പ്രതീകങ്ങൾ മാത്രമാണ്, ഇവയത്രെ. അജശൃംഗി എന്നു പേരുള്ള സസ്യം ആടിന്റെ കൊമ്പിനോട് സാദൃശ്യമുള്ളതുകൊണ്ട് ശ്രദ്ധിക്കപ്പെട്ടു എന്നേയുള്ളൂ, അത് ഔഷധഗുണംകൊണ്ടല്ല- അവർ പറയുന്നു. പക്ഷെ, കൗശികസൂത്രത്തിൽ, 'പായയതി' കുടിപ്പിക്കുന്നു എന്ന നിർദ്ദേശസഹിതമാണ് പല ചികിത്സാസൂത്രങ്ങളും. അഥർവവേദത്തിൽ ഉള്ളതിനേക്കാൾ ഔഷധങ്ങൾ കൗശികമുനിയുടെ ഈ സൂത്രഗ്രന്ഥത്തിലുണ്ട്. ദൃശ്യവും അദൃശ്യവുമായ കൃമികളും പാരമ്പര്യവുമെല്ലാം രോഗകാരണമാകാമെന്ന് അക്കാലത്ത് തിരിച്ചറിഞ്ഞിട്ടുണ്ട്. അതുപോലെ കാലാവസ്ഥയും, ഒരു കാരണമാണെന്ന് പറയുന്നു. മന്ത്രവാദത്തിന്റേയും ഔഷധപ്രയോഗത്തിന്റേയും സമഞ്ജസമായ കൂട്ടിയിണക്കൽ കൗശികമുനിയുടെ സൂത്രരചനയിൽ കാണാം. ആ അർത്ഥത്തിൽ കൗശികസൂത്രം ഒരു പരിവർത്തനത്തിന്റെ ചവിട്ടുപടിയുമാണ്. ഔഷധത്തെ നിർവചിക്കുന്നത് ഇങ്ങിനെയാണ്-ലിംഗ്യുപതാപോ ഭൈഷജ്യം' (ലിംഗി, ലിംഗ(ലക്ഷണങ്ങൾ)ങ്ങളുള്ളത്-രോഗം) ഉപതാപം(നാശകം). രോഗത്തെ ലക്ഷണസമുച്ചയമായി ഇവിടെ കാണുന്നു.

*അവയവങ്ങളെപ്പറ്റിയുള്ള ഒരു പരാമർശം നോക്കുക -*
*'ഹൃദയം ജിഹ്വാ ശ്യേനശ്ച ദോഷീ പാർശ്വേ ച താനിഷ്ട്*
*യകൃദ്വൃക്കൗ ഗുദശ്രോണീ താന്യേകാദശ ദൈവതാനി'*

ഇന്നും ഉപയോഗത്തിലുള്ള പല ഔഷധസസ്യങ്ങളേയും കൗശികസൂത്രത്തിൽ കാണാം. അഗ്നി(ചിത്രകം-യോനിദോഷം, ഗർഭാശയകൃമി) അജശൃംഗി (കൃമി, ഭൂതോന്മാദം), അപാമാർഗം (അഗ്നിമാന്ദ്യം, വന്ധ്യത) ഗുഗ്ഗുലു (വാതരോഗം, മാനസരോഗം, കൃമി) ജീവന്തി (രസായനം, ആയുഷ്യം) ഘൃതം (രാജയക്ഷ്മാ, വാതവ്യാധി, ആയുഷ്യം) ആയുർവേദസംഹിതകളുടെ കാലത്തിലെത്തുമ്പോൾ ശമിപ്പിക്കുന്ന രോഗങ്ങളുടെ കാര്യത്തിൽ വ്യത്യസ്തമായ ധാരണകൾ വന്നത് വിജ്ഞാനത്തിന്റെ പുരോഗതിയെയാണ് സൂചിപ്പിക്കുന്നത്. ഏതെന്ന് തിരിച്ചറിയാത്ത സസ്യങ്ങളും കൗശികസൂത്രത്തിലുണ്ട്- ആല, ആവക, ബാണപർണി എന്നിവ ഉദാഹരിക്കാം. സഹദേവി അക്കാലത്ത് മൃഗചികിത്സയിലാണ്, ഉപയോഗിച്ചിരുന്നത്.

സഹസ്രാബ്ദങ്ങളിലൂടെയുള്ള നിലനില്പിനിടെ കൗശികസൂത്ര

ത്തിന്റെ ഘടനയ്ക്ക് പല മാറ്റങ്ങളും ഉണ്ടായിട്ടുണ്ടാകാം. ദാരിലന്റേയും കേശവന്റേയും വ്യാഖ്യാനങ്ങളുണ്ടായിട്ടുണ്ട്. ഇവയെ രണ്ടിനേയും ആശ്രയിച്ചാണ് വിജയനഗരകാലത്ത് ജീവിച്ചിരുന്ന സായണൻ ഭാഷ്യമെഴുതിയത്.

പൂർണ്ണമായ ഒരു വൈദ്യകൃതിയല്ലെങ്കിലും ചികിത്സാപരാമർശമുള്ള ആദ്യസൂത്രഗ്രന്ഥം എന്ന സ്ഥാനം കൗശികസൂത്രത്തിന് തീർച്ചയായും ഉണ്ട്. വേദോത്തരകാലത്തിന്റെ ഒരു ചിന്താക്രമത്തോടെ, മന്ത്രത്തോടൊപ്പം ഔഷധവും വേണമെന്ന സമീപനത്തിലേക്ക് വൈദ്യം മുന്നേറുന്നു.

രസവൈശേഷികസൂത്രമാണ്, ലഭ്യമായ തെളിവുകൾവെച്ചുനോക്കുമ്പോൾ പൂർണമായും വൈദ്യവിഷയമായ ആദ്യത്തെ സൂത്രഗ്രന്ഥം. പണ്ഡിതന്മാരായവർപോലും ഇതിനെ ഒരു രസചികിത്സാഗ്രന്ഥമായി തെറ്റിദ്ധരിച്ചതായി അവരുടെ രചനകളിൽനിന്നറിയാം. പുസ്തകം അത്ര പ്രചാരത്തിലില്ലാത്തത് മൂലം സംഭവിച്ചതാണിത്. ദ്രവ്യം രസം ഗുണം വീര്യം വിപാകം എന്നിങ്ങനെയുള്ള ദ്രവ്യഗുണസിദ്ധാന്തത്തെക്കുറിച്ചുള്ള വിഷയങ്ങളാണ്, ഉള്ളടക്കം. ഈ വിഷയത്തെത്തന്നെ കേന്ദ്രീകരിച്ചുള്ള ഏകഗ്രന്ഥം എന്ന് രസവൈശേഷികത്തെ വിശേഷിപ്പിക്കാം.

കേരളത്തിൽ കണ്ടെടുത്ത് പ്രസിദ്ധീകരിക്കപ്പെട്ട ഗ്രന്ഥമെന്ന പ്രത്യേകതയും ഇതിനുണ്ട്. അഷ്ടവൈദ്യകുടുംബമായ ചിരട്ടമൺ മൂസ്സുമാരുടെ ശേഖരത്തിൽനിന്നാണ്, ഇതിന്റെ താളിയോല ലഭിച്ചത്. മലയാളലിപിയിൽ എഴുതിയതാണെന്നത് കേരളത്തിൽ പ്രചാരത്തിലുണ്ടായിരുന്നതിനെ സൂചിപ്പിക്കുന്നു. ഗ്രന്ഥകാരൻ ഭദന്തനാഗാർജ്ജുനനാണ്. 'ഭദന്ത' എന്നവാക്ക് ബുദ്ധമതത്തെ സൂചിപ്പിക്കുന്നു. ബൗദ്ധനായ ആചാര്യനാണ് നാഗാർജ്ജുനൻ എന്നർത്ഥം. ചിരട്ടമൺ കുടുംബം യഥാർത്ഥത്തിൽ ചേർത്തലയിലായിരുന്നു. പിന്നീടാണ് കോട്ടയത്തെ ഒളശ്ശയിലേക്ക് മാറിയത്. ചേർത്തല ഒരു ബുദ്ധമതകേന്ദ്രമായിരുന്നു എന്ന് കരുതാൻ തെളിവുകളുണ്ട്. അതുകൊണ്ട് കേരളീയനും ബൗദ്ധനുമായ ഒരു വൈദ്യപണ്ഡിതനായിരുന്നു, ഈ നാഗാർജ്ജുനൻ എന്ന് വിചാരിക്കാം. ഗ്രന്ഥത്തിന്റെ ഒടുവിലത്തെ സൂചികയിൽ 'ഇതി ഭദന്തനാഗാർജ്ജുനസ്യ പ്രവ്രജിതസ്യ വൈദ്യേന്ദ്രസ്യ'... എന്ന പരാമർശം ഇദ്ദേഹം സന്ന്യസ്തനായിരുന്നു എന്ന വസ്തുതയേയും കാണിക്കുന്നു. സുശ്രുതസംഹിതയെ പ്രതിസംസ്കരിച്ച നാഗാർജ്ജുനനാണ് ഇദ്ദേഹം എന്ന് തോന്നുന്നില്ല.

രസവൈശേഷികത്തിന് ഒരു ഭാഷ്യമുണ്ട് – നരസിംഹഭാഷ്യം. ഇത് ഭാഷ്യത്തിനിട്ട പേരല്ല, നരസിംഹകൃതം തന്നെയാണ് ഗ്രന്ഥപരാമർശത്തിൽനിന്നറിയാം. കോളത്തേരി ശങ്കരമേനോൻ ഭാഷ്യകാരന്റെ കാലഘട്ടത്തെക്കുറിച്ച് ചില അനുമാനങ്ങൾ മുന്നോട്ട് വെയ്ക്കുന്നുണ്ട്. സുബന്ധു എന്ന കവിയെ നരസിംഹാചാര്യൻ പരാമർശിക്കുന്നുണ്ട്. സുബന്ധുവിന്റെ കൃതിയായ 'വാസവദത്ത'യ്ക്ക് കേരളത്തിൽ പ്രചാരമുണ്ട്. അതേസമയം വാഗ്ഭടകൃതികളൊന്നും പരാമർശിക്കുന്നില്ല. അപ്പോൾ ഇപ്പോൾ ഇവർക്ക് രണ്ടുപേർക്കും ഇടയിലാകണം നരസിംഹപണ്ഡിതന്റെ കാലം എന്നാണ് മേനോന്റെ നിഗമനം. സുബന്ധുവിന്റെ കാലം ആറ്–ഏഴ് നൂറ്റാണ്ടുകളിലായി നിശ്ചയിക്കപ്പെട്ടിരിക്കുന്നു. വാഗ്ഭടനെപ്പറ്റി ചൈനീസ് സഞ്ചാരിയായ ഇത്സിങ്ങ് പരാമർശിക്കുന്നുണ്ട്. അദ്ദേഹം ഇന്ത്യയിൽ തങ്ങിയത് എ.ഡി.676–685 കാലത്താണ്. വാഗ്ഭടകൃതികൾ കേരളത്തിലെത്തുന്നത് ഒരുപക്ഷെ പത്താംനൂറ്റാണ്ടോടെയാകാം. നരസിംഹാചാര്യന്റെ കാലം അതിന് മുമ്പാകണം. മൂലഗ്രന്ഥകാരനായ ഭദന്തനാഗാർജുനൻ ഇദ്ദേഹത്തിന് സമകാലികനോ കുറച്ചു പൂർവികനോ ആകാം. പന്ത്രണ്ടാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന ഡൽഹണൻ രസവൈശേഷികത്തിൽനിന്ന് ഉദ്ധരിക്കുന്നുണ്ടെന്നതും ശ്രദ്ധേയം.

1928ലാണ് അന്നത്തെ (ആദ്യത്തെ) ആയുർവേദഡയറക്ടർ കോളത്തേരി ശങ്കരമേനോൻ വിശദമായ അവതാരികയോടെ രസവൈശേഷികസൂത്രം പ്രസിദ്ധീകരിക്കുന്നത്. തിരുവനന്തപുരം ഗവ. ആയുർവേദകോളേജ് പ്രസിദ്ധീകരണവിഭാഗത്തിൽനിന്ന് 1976ൽ പുതിയ പതിപ്പ് ഇറങ്ങി. എഡിറ്റർ ഡോ. എൻ.ഇ. മുത്തുസ്വാമിയുടെ വിപുലമായ അവതാരികയും അതിനുണ്ട്. ദ്രവ്യഗുണശാസ്ത്രത്തെ പൊതുവെ അവലോകനം ചെയ്യുന്നതിന് പുറമെ രസവൈശേഷികത്തിന്റെ ഉള്ളടക്കവും ചർച്ച ചെയ്യുന്നുണ്ട് ഈ ആമുഖത്തിൽ. നരസിംഹഭാഷ്യത്തോടെ തന്നെയാണ്, രസവൈശേഷികം പുറത്തിറക്കിയത്.

ആയുർവേദകോളേജ് പ്രിൻസിപ്പാളായിരുന്ന ഡോ. എൻ. ശ്രീധരനാണ്, വൈദ്യഭൂഷണം രാഘവൻ തിരുമുല്പാടിന് ഈ ഗ്രന്ഥത്തെ പരിചയപ്പെടുത്തുന്നത്. പുസ്തകം പകർത്തിയെഴുതി അതിന്റെ അർത്ഥത്തെ ആലോചിക്കുന്നത്, വ്യാഖ്യാനരചനയിലേക്ക് ചെന്നെത്തുകയായിരുന്നു. 'പ്രകാശിക' എന്ന് പേരിട്ട ഈ മലയാളവ്യാഖ്യാനം 1977ൽ ഭാഗ്യ ബുക്സ്, തിരുവനന്തപുരം പുറത്തിറക്കി. 1962–63 മുതൽ നടപ്പിലാക്കിയ ശുദ്ധായുർവേദഡിഗ്രി കോഴ്സിൽത്തന്നെ തന്ത്രയുക്തിയോടൊപ്പം രസവൈശേഷികവും പാഠ്യവിഷയമായിരുന്നു. അച്ചടിച്ച പുസ്

തകമില്ലാതെ തന്നെ പഠനപാഠനങ്ങൾ ഈ വിഷയത്തിൽ തുടർന്നുപോയി. 'പ്രകാശിക' വിദ്യാഭ്യാസരംഗത്ത് അധ്യാപകർക്കും വിദ്യാർത്ഥികൾക്കും വളരെ സഹായകമായിത്തീർന്നു. പല പതിപ്പുകൾ കടന്ന് ഇപ്പോഴും ഈ വ്യാഖ്യാനം കോട്ടയ്ക്കൽ ആര്യവൈദ്യശാല പ്രസിദ്ധീകരിച്ചത് ലഭ്യമാണ്. ആര്യവൈദ്യശാലയുടെ 'ആര്യവൈദ്യൻ' ജേർണലിൽ തുടർച്ചയായി പ്രസിദ്ധീകരിച്ചുവന്നിരുന്ന രാഘവൻ തിരുമുല്പാടിന്റെ തന്നെ ഇംഗ്ലീഷ് വ്യാഖ്യാനം പുസ്തകമായി 2010ൽ പുറത്തിറക്കി. ഇത് ഇന്ത്യയ്ക്കകത്തും പുറത്തുമുള്ള ഇന്തോളജിസ്റ്റുകളുടെ അടക്കം ശ്രദ്ധ ആകർഷിച്ചിട്ടുണ്ട്. വി. ഭാർഗവൻ വൈദ്യർ രചിച്ച ജ്ഞാനോദയം വ്യാഖ്യാനം ......ൽ തിരുവനന്തപുരം ആയുർവേദകോളേജ് പ്രസിദ്ധീകരണവിഭാഗം പ്രകാശനം ചെയ്തു.


THE SRÎ VANCHI SÊTU LAKSHMÎ SERIES.

No. 8.

BHADANTA NAGARJUNA'S

RASA VAISESHIKA SUTRA

with the commentary of Narasimha

EDITED

WITH AN INTRODUCTION

BY

KOLATTERI SANKARA MENON, M. A., L. T.,

*Director of Ayurveda, Travancore*

*and*

*Curator for the Publication of Ayurveda, Jyotisha (Astronomy and Astrology) and Malayalam Manuscripts.*

3826

PUBLISHED UNDER THE AUTHORITY OF THE GOVERNMENT OF TRAVANCORE.

TRIVANDRUM:

PRINTED BY THE SUPERINTENDENT, GOVERNMENT PRESS,

1928.

[All Rights Reserved.] [Bh: Rs. 2-0-0.

നാനൂറ്റിയെൺപത്തിമൂന്ന് സൂത്രങ്ങളാണ് രസവൈശേഷികത്തിൽ. ദ്രവ്യനിഷ്ഠഭാവങ്ങളായ രസം, ഗുണം, വീര്യം, വിപാകം എന്നിവയാണ് വിഷയമെങ്കിലും പല അനുബന്ധവിഷയങ്ങളും ഉള്ളടക്കത്തിലുണ്ട്. നൂറ്റിയെഴുപത്തൊമ്പത് സൂത്രങ്ങളുള്ള ആദ്യാധ്യായം തന്നെയാണ് ഏറ്റവും വലുത്. വിഷയത്തെ പൊതുവായി അവതരിപ്പിക്കുന്ന ഈ അധ്യായത്തിൽ മറ്റുപല അനുബന്ധകാര്യങ്ങളും ചർച്ച ചെയ്യുന്നുണ്ട്.

അതിൽതന്നെ ഏറ്റവും ശ്രദ്ധേയമായത് പ്രകൃതിയാണ്. രോഗങ്ങളെ വ്യാഖ്യാനിക്കുവാൻ ഉപയോഗിക്കുന്ന അതേ സിദ്ധാന്തം തന്നെ എങ്ങിനെ അരോഗാവസ്ഥയായ, ശരീരഭേദങ്ങളെ സൂചിപ്പിക്കുന്ന പ്രകൃതിയെ വിശദീകരിക്കുവാൻ വിനിയോഗിക്കുന്നു എന്ന വലിയ ചോദ്യത്തിനാണ് രസവൈശേഷികം ഉത്തരം കണ്ടുപിടിക്കുന്നത്. ഇരുപത്താറ് സൂത്രങ്ങൾ ഇതിനുതന്നെ എടുക്കുന്നുണ്ട്. ഇതേ രീതിയിലുള്ള സന്ദേഹങ്ങൾ തന്നെ മൂന്നു ദോഷങ്ങളും കോപിച്ചാ ലത്തെ സന്നിപാതത്തിലും പ്രസക്തമാണ്. അതും തുടർന്ന് ചർച്ച ചെയ്യുന്നുണ്ട്. ഇതേ പോലെ ഒരു പ്രശ്നമാണ്, ദോഷങ്ങളുടെ സ്ഥാനം. സർവദേഹവ്യാപികളായിട്ടും പ്രത്യേക സ്ഥാനം കല്പിക്കുന്നതിലെ ഔചിത്യമെന്ത്? ഇങ്ങിനെ നോക്കുമ്പോൾ ത്രിദോഷസിദ്ധാന്തത്തിലേക്കും ഈ ഗ്രന്ഥം ഗണ്യമായ സംഭാവന ചെയ്യുന്നതായി കാണാം.

ദ്രവ്യാദികളിൽ ഓരോന്നിന്റേയും പ്രാധാന്യത്തെ വിവരിച്ചുകൊണ്ടാണ് ഒന്നാം അധ്യായം സമാപിപ്പിക്കുന്നത്. ദ്രവ്യമാണ് രണ്ടാമത്തെ അധ്യായത്തിന്റെ വിഷയം. രസവും ഗുണവും മറ്റും പോരെ, ദ്രവ്യത്തെ വേറിട്ട് എന്തിന് കരുതണം? ഇതിന് ഉത്തരമാണ് ഇവിടെ മുഖ്യമായ ഉള്ളടക്കം. ദ്രവ്യത്തിന്റെ സൂക്ഷ്മഘടകങ്ങളായ പഞ്ചഭൂതങ്ങളുടെ യുക്തിയും പ്രയുക്തിയും ഈ അധ്യായത്തിലെ പ്രധാനവിഷയമാണ്. രസവും ഗുണവുമാണ് മൂന്നാം അധ്യായത്തിൽ. നൂറിൽപ്പരം സൂത്രങ്ങൾകൊണ്ട് രസങ്ങളുടെ ഭൂതഘടന, എണ്ണം, രസപരിണാമം, കർമം, ദോഷങ്ങളുമായുള്ള ബന്ധം, ആറുരസങ്ങളും പരസ്പരം ചേർന്നുണ്ടാകുന്ന രസഭേദങ്ങൾ എന്നിവയൊക്കെ യുക്തിപൂർവ്വം വിവരിക്കപ്പെടുന്നു. ഗുണങ്ങളെപ്പറ്റി വളരെ കുറച്ചേ പറയുന്നുള്ളൂ. കർമ്മണ്യങ്ങളായ ഗുണങ്ങൾ പത്തെന്ന് നിശ്ചയിച്ചിരിക്കുന്നു. ഒടുവിലത്തേതായ നാലാമധ്യായത്തിൽ, വീര്യവും വിപാകവും ചർച്ചാവിഷയമാക്കുന്നു. കർമ്മവുമായി ബന്ധപ്പെടുത്തിയാണ് വീര്യങ്ങളെപ്പറയുന്നത്. അവയുടേയും ഭൂതഘടന, രസങ്ങളുമായുള്ള ബന്ധം എന്നിവ രേഖപ്പെടുത്തിയിട്ടുണ്ട്. വിരുദ്ധാശനം, അനുപാനം, പ്രമാണങ്ങൾ, പാദചതുഷ്ടയം എന്നിവയെ ചെറുതായൊന്ന് പരാമർശിച്ച് 'കർമ്മണശ്ച സിദ്ധൗ സർവാർത്ഥസിദ്ധിഃ' (ചികിത്സ സഫലമാകുമ്പോഴാണ്, എല്ലാ പുരുഷാർത്ഥങ്ങളും നേടുന്നത്) എന്ന് ഗ്രന്ഥം ഉപസംഹരിക്കുന്നു.

പൂർവപക്ഷവും സമാധാനവും എന്ന രീതിയിലാണ് മിക്കവാറും വിഷയം അവതരിപ്പിച്ചിട്ടുള്ളത്. നിശിതമായ ചോദ്യങ്ങളിലൂടെ നിലവിലുള്ള ആശയങ്ങളെ സമീപിക്കുകയും മറുപടിയായി കൃത്യതയോടെ

അതിനെ നിരാകരിക്കുകയോ മറ്റൊരു തത്വത്തെ കണ്ടെത്തുകയോ ചെയ്യുന്ന യുക്തിയുടെ രീതിശാസ്ത്രത്തിലാണ് രസവൈശേഷികം രചിച്ചിട്ടുള്ളത്. ചോദ്യത്തിനുള്ള മറുപടിതന്നെ ചിലപ്പോൾ നിരസിക്കപ്പെടുന്നതായും കാണാം. 'അങ്ങിനെയായതുകൊണ്ട്', എന്ന അർത്ഥത്തിൽ പഞ്ചമിവിഭക്തിയിൽ അവസാനിക്കുന്ന സൂത്രങ്ങൾ നിരവധിയാണ്. മുൻ സൂത്രത്തിൽ പറഞ്ഞതിനെ നിഷേധിക്കാൻ 'ന' (അത് ശരിയല്ല) എന്ന് തുടങ്ങുന്ന സൂത്രങ്ങളും ധാരാളമുണ്ട്. ചുരുക്കത്തിൽ ഉള്ളടക്കം, അവതരണരീതി എന്നിവകൊണ്ടൊക്കെ വ്യത്യസ്തവും അസാധാരണവുമായ ഒരു കൃതിയാണ് രസവൈശേഷികസൂത്രം. പഞ്ചഭൂതസിദ്ധാന്തം, ത്രിദോഷസിദ്ധാന്തം, ദ്രവ്യഗുണസിദ്ധാന്തം എന്നിവയിലേക്ക് കാതലായ സംഭാവന, ഈ സൂത്രഗ്രന്ഥം നൽകുന്നുണ്ട്. യുക്തിയുക്തത എന്ന ബുദ്ധദർശനത്തിന്റെ സമീപനവും ഈ പുസ്തകത്തിൽ പ്രതിഫലിക്കുന്നു.

മറ്റൊരു കാലഘട്ടത്തിലേതാണ് ആയുർവേദസൂത്രമെന്ന കൃതി. ഗ്രന്ഥകർത്താവിന്റെ ഊരും പേരുമൊന്നും സൂചിപ്പിക്കപ്പെടുന്നില്ല. യോഗാനന്ദനാഥൻ രചിച്ച ഭാഷ്യത്തോടെയാണ് പുസ്തകം ലഭ്യമാകുന്നത്. മൈസൂർ സർവകലാശാലയിലെ ഹസ്തലിഖിതഗ്രന്ഥശേഖരത്തിൽനിന്നും ഡോ. ശമശാസ്ത്രി 1922ൽ പ്രസിദ്ധീകരിച്ചതാണ് ആയുർവേദസൂത്രം. വൈദ്യലോകം ഈ ഗ്രന്ഥത്തെ വേണ്ടപോലെ സ്വീകരിച്ചിട്ടുണ്ടോ എന്ന കാര്യം സംശയമാണ്. മൈസൂരിലെ ജൈനമതക്കാരനായ ഒരു വൈദ്യനിൽനിന്നാണ് ആയുർവേദസൂത്രം ലഭിച്ചത്. തുടർന്നുള്ള അന്വേഷണങ്ങളിൽ തഞ്ചാവൂരിലെ സരസ്വതിമഹൽഗ്രന്ഥാലയത്തിൽനിന്നും മറ്റൊരു ഗ്രന്ഥക്കെട്ട് കിട്ടി. മദിരാശിയിലെ ശ്രീ. ഡി.വി.ഗോപാലൻ എന്ന വൈദ്യന്റെ ശേഖരത്തിൽനിന്നും മറ്റൊന്നു കിട്ടി. മൂന്നും താരതമ്യം ചെയ്തുണ്ടാക്കിയ പാഠമാണ് പ്രസിദ്ധീകരിച്ചത്. ആദ്യംപറഞ്ഞ ഗ്രന്ഥക്കെട്ടിൽ ഭാഷ്യത്തോടുകൂടിയ അഞ്ചധ്യായം മാത്രമേ ഉള്ളൂ. മൂലം മാത്രമായി പത്തധ്യായംകൂടിയുണ്ട് മറ്റു രണ്ടു താളിയോലകളിലും.

സൂത്രങ്ങൾ ഹൃദിസ്ഥമാക്കാനുള്ള 'ചിത്തം' എന്നൊരു രീതി ഉണ്ട്. ഒരു അധ്യായത്തിലെ പത്ത്, ഇരുപത്, മുപ്പത് തുടങ്ങിയ പത്തിടവിട്ട സൂത്രങ്ങളുടെ ആദ്യവാക്കുകൾ ആ അധ്യായത്തിന്റെ ഒടുവിലായി നൽകുന്ന രീതിയാണിത്. പാണിനിയുടെ അഷ്ടാധ്യായിയിലും മറ്റും ഇത് കാണാം. അധ്യായം മുഴുവൻ ചൊല്ലിനോക്കാതെ ഇടയിൽനിന്ന് ചൊല്ലി സൂത്രം കണ്ടെത്താനും മറ്റും ഇത് സഹായിക്കുന്നു. ആയുർവേ


University of Mysore

Oriental Library Publications

SANSKRIT SERIES No. 61

आयुर्वेदसूत्रम्

योगानन्दनाथभाष्यसमेतम्.

THE

AYURVEDASUTRAM

WITH THE

COMMENTARY OF YOGANANDANATHA

EDITED BY

DR. R. SHAMA SASTRY, B.A., PH.D., M.R.A.S.,

*Curator, Government Oriental Library, Mysore, Director of Archaeological Researches in Mysore, Periodical Lecturer to the Post-Graduates' classes of the Calcutta University, and B. B. R. A. S. Campbell Memorial Medalist.*

MYSORE

PRINTED AT THE GOVERNMENT BRANCH PRESS

1922

R. S. VADHYAR & SONS
BOOK-SELLERS & PUBLISHERS
KALPATHI-PALGHAT

ദസൂത്രത്തിൽ ആദ്യാധ്യായത്തിൽ ഇതുപയോഗിച്ചുകാണാം. ബാക്കി അധ്യായങ്ങളിൽ ഇത് നഷ്ടപ്പെട്ടു കാണുന്നു.

പ്രശ്നം എന്നാണ് അധ്യായത്തിന് പകരം ഉപയോഗിച്ചിരിക്കുന്ന വാക്ക്. ഓരോ പ്രശ്നത്തിലേയും ഉള്ളടക്കത്തിന് വളരെ കൃത്യമായ ഒരു ഏകോപനം ഉണ്ടെന്ന് തോന്നുന്നില്ല. പല വിഷയങ്ങളും അനുബന്ധമായി വന്നുചേർന്ന് വിവരിക്കപ്പെട്ടുപോകുന്നു. ധാതുപുഷ്ടിയെ ഉണ്ടാക്കുന്ന ദ്രവ്യങ്ങൾ കഴിക്കേണ്ട ആവശ്യത്തെപ്പറ്റി പറയുന്ന ആദ്യസൂത്രത്തിൽനിന്ന് ആമം, അഗ്നി, ആത്മാവ്, യോഗദർശനം, അഗ്നി, ജ്വരലക്ഷണം, പഞ്ചഭൂതം എന്നിങ്ങനെ പോകുന്നു വിഷയക്രമം. രണ്ടാമത്തെ പ്രശ്നം ഗർഭോല്പത്തിയുമായി ബന്ധപ്പെട്ട വിഷയങ്ങളാണ്. യോഗവും സാംഖ്യവുമാണ് മൂന്നാം പ്രശ്നത്തിൽ. ഇങ്ങിനെ വൈവിധ്യമാർന്ന വിഷയങ്ങളാണ് ഓരോ പ്രശ്നത്തിലും. ഒമ്പതാം പ്രശ്നത്തിൽ ഇരുപത് സൂത്രം കൊണ്ട് 'കാല'ത്തെ അളക്കുന്നു. ഔഷധദ്രവ്യങ്ങളുടെ ഗുണങ്ങളാണ് പത്താമത്തെ പ്രശ്നത്തിൽ, എൺപത്തിയഞ്ച് സൂത്രങ്ങളിൽ. ജ്യോതിഷത്തിന്റെ വൈദ്യത്തിലെ ഉപയോഗമാണ് പതിനാലാം പ്രശ്നത്തിൽ. യോഗാഭ്യാസം, പ്രാണായാമം, ഉപവാസം എന്നിവയും വിശദീകരിക്ക

പ്പെടുന്നു. ചുരുക്കിപ്പറഞ്ഞാൽ തന്ത്രമടക്കമുള്ള വിവിധവിഷയങ്ങളോട് ആയുർവേദത്തെ പ്രയോജനപരമായ രീതിയിൽ സമന്വയിപ്പിക്കാനുള്ള ശ്രമം വായിച്ചെടുക്കാം. ഉപനിഷത്തുകളുടെ ശൈലി അനുകരിക്കാൻ ശ്രമിക്കുമ്പോൾ തൈത്തരീയോപനിഷത്തിലെ വാക്കുകൾതന്നെ കടമെടുക്കുന്നുണ്ട്. തീർച്ചയായും ഗ്രന്ഥകർത്താവ് ഒരു ബഹുശാസ്ത്രപണ്ഡിതനാണെന്ന് പ്രഥമദൃഷ്ട്യാ തന്നെ മനസ്സിലാക്കാം. എന്ത് ചെയ്യാം, പേരുകൊണ്ട് അദ്ദേഹത്തെ ആദരിക്കാൻ നമുക്ക് ആകുന്നില്ല.

ആകെ 1299 സൂത്രങ്ങളുണ്ട്. ആദ്യത്തെ അഞ്ച് പ്രശ്നത്തിൽ 460 എണ്ണമുണ്ട്. വ്യാഖ്യാനം കൂടാതെതന്നെ മനസ്സിലാക്കാവുന്നതാണ്, ഇവയുടെ അർത്ഥം. ശരീരത്തെ നിർവചിക്കുന്നത് നോക്കുക – 'ഈശ്വരപ്രേരിതചേഷ്ടാശ്രയം ഹിതാഹിതകാര്യോദ്ദേശ്യവിഷയപ്രവർത്തകചേഷ്ടാശ്രയം ശരീരം'. അതേ സമയം 'പഞ്ചഭൂതാത്മകം ശരീരം' എന്ന് പ്രഥമപ്രശ്നത്തിലും പരാമർശമുണ്ട്. ആഹാരത്തെയും നിർവചിക്കുന്നു അദ്യതേ *f* ത്തി ച ഭൂതാനി, തസ്മാദന്നം തദുച്യതേ (രണ്ടു സൂത്രങ്ങൾ)

യോഗാനന്ദനാഥൻ പേര് സൂചിപ്പിക്കുന്നതുപോലെ വിദ്വാനായ ഒരു സന്യാസിയാകാം. അഷ്ടാംഗഹൃദയത്തെ തന്നെയാണ് വ്യാഖ്യാനത്തിൽ കൂടുതലും ഉദ്ദേശിക്കുന്നത്. പൊതുവെ അന്യഗ്രന്ഥപരാമർശനം ഈ ഭാഷ്യത്തിൽ കുറവാണ്താനും. അഷ്ടാംഗഹൃദയം പഠിച്ച വൈദ്യനാണ് യോഗാനന്ദനാഥൻ എന്ന് കരുതാം. ഓരോ പ്രശ്നത്തിന്റെയും ഒടുവിൽ നിൽക്കുന്ന പുഷ്പിക(Colophon)'യോഗാനന്ദനാഥകൃതം സുപ്രസിദ്ധം മഹാജനസമ്മതം പ്രതിസൂത്രവ്യാഖ്യാനം ലോകോപകാരകൃതം സമാപ്തം' എന്നാണ്. തുടക്കം ഗണപതിവന്ദനമുണ്ട്. പഞ്ചമപ്രശ്നത്തിൽ സമാപ്തം എന്നും വചനമുള്ളതുകൊണ്ട്, അത്രവരെയേ വ്യാഖ്യാനിച്ചിട്ടുള്ളൂ എന്ന് കരുതാം. ബാക്കിഭാഗം പ്രക്ഷിപ്തമാണോ എന്നും അറിയില്ല. ശിവനും ദേവിയ്ക്കും ആണ് അഞ്ചാംപ്രശ്നത്തിന്റെ ഒടുവിൽ പ്രാർത്ഥന. ദ്വിതീയപ്രശ്നത്തിന്റെ തുടക്കത്തിലുള്ള ത്രിപുരസുന്ദരീവന്ദനം, അഞ്ചാംപ്രശ്നത്തിലും ആവർത്തിക്കുന്നുണ്ട്. പതിനാറാം നൂറ്റാണ്ടാണ് ഭാഷ്യത്തിന്റെ കാലം എന്ന് ശമശാസ്ത്രി അനുമിക്കുന്നു.

ഒടുവിലത്തെ പതിനാറാം പ്രശ്നത്തിൽ സമാപിക്കുന്നത് അഷ്ടാംഗഹൃദയശ്ലോകങ്ങളോടെയാണ്. അവ എല്ലാം എത്രത്തോളം ആ സന്ദർഭത്തിൽ പ്രസക്തമാകുന്നു എന്നറിയില്ല. ഇടയിൽ വ്യത്യസ്തമായ ഒരു ശ്ലോകവും കാണുന്നു–

*‘വിചാര്യ യത്നാത്സർവസ്മാന്നിത്യം ദേഹം നിരീക്ഷയേത്*
*ആ ദശാഹാന്നിരീക്ഷ്യനം പഥ്യൈനൈവ തു താംഹരേത്’*

അങ്ങനെ വൈദ്യമേഖലയിലെ മൂന്ന് സൂത്രഗ്രന്ഥങ്ങൾ മൂന്ന് ചരിത്രഘട്ടങ്ങളിൽ വേറിട്ട് നിലപാടുകളുമായി അവതരിച്ചു. ■